# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4650** — **28-06-2013 ൽ മറുപടിയ്ക്ക്**

## കരനെൽകൃഷിയുടെ വ്യാപനം

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.എ.എ.അസീസ് | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഇപ്പോൾ കരനെൽകൃഷി എത്ര ഹെക്ടറിൽ നടത്തുന്നു; | (എ) 4000 ഹെക്ടർ പ്രദേശത്ത് പദ്ധതി നടപ്പിലാക്കുന്നു. |
| (ബി) കരനെൽകൃഷി വ്യാപകമാക്കാനും കൃഷിക്കാർക്ക് പ്രോത്സാഹനം നൽകുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) കരനെൽകൃഷി വ്യാപകമായി ചെയ്യുന്നതിനായി കൃഷിഭവൻതലത്തിൽ കാർഷിക വികസന സമിതി, പഞ്ചായത്ത് കമ്മിറ്റി, ഗ്രൂപ്പ് ഫാമിംഗ് സമിതി എന്നിവരുടെ നേതൃത്വത്തിൽ കരഭൂമിയുള്ള കർഷകരെ നേരിട്ട് കണ്ടും, ഗ്രൂപ്പടിസ്ഥാനത്തിലും നെൽകൃഷിയുടെ പ്രാധാന്യത്തേയും അതുമൂലം കർഷകനുണ്ടാകുന്ന നേട്ടം, മറ്റ് പാരിസ്ഥിതിക പ്രശ്നങ്ങൾ എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നു. കരനെൽകൃഷി ചെയ്യുന്നതിനായുള്ള അത്യുൽപ്പാദന ശേഷിയുള്ള പ്രത്യേക നെൽ വിത്തിനങ്ങൾ (അന്നപൂർണ്ണ, രോഹിണി, ജ്യോതി, ഹർഷ, ഐശ്വര്യ, രേവതി, കാർത്തിക സുവർണമോടൻ) മറ്റുൽപ്പാദനോപാധികളെന്നിവ സബ്സിഡി നിരക്കിൽ കർഷകർക്ക് നൽകി കൃഷി പ്രോത്സാഹിപ്പിക്കുന്നു. ഇത്തരത്തിൽ സംസ്ഥാനത്ത് 2013-2014 വർഷം 4000 ഹെക്ടർ സ്ഥലത്ത് ഹെക്ടറിന് 7500/- രൂപ സബ്സിഡി നൽകി പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനായി ആകെ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ